# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1843 08.06.2018-ൽ മറുപടിക്ക്

### കങ്കിച്ചിറയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

**ചോദ്യം**

ശ്രീ.ഒ. ആർ. കേളു

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തുവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മാനന്തവാടി മണ്ഡലത്തിലെ കങ്കിച്ചിറയിൽ മ്യൂസിയം വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ; | (എ) | രണ്ട് പദ്ധതികളാണ് മ്യൂസിയം മൃഗശാലാ വകുപ്പ് കങ്കിച്ചിറയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 1. കങ്കിച്ചിറയിലുള്ള ചിറയുടെ സംരക്ഷണവും നവീകരണവും 2. വയനാട്ടിലെ ഗോത്ര ജനതയുടെ പൈതൃകത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണവും. |
| (ബി) | ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | ചിറകെട്ടി സംരക്ഷിയ്ക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും ചിറയിൽ ഈ പ്രദേശത്തിന്റെ പുരാവൃത്തവുമായി ബന്ധപ്പെട്ട് കങ്കിയുടെ സ്മരണ നിലനിർത്തുന്ന ശിൽപം സ്ഥാപിയ്ക്കുകയും ചെയ്തിട്ടുണ്ട്. ചിറയുടെ ചുറ്റുമുള്ള ഭാഗങ്ങൾ മോടി കൂട്ടി പൊതുജനങ്ങൾക്ക് വിശ്രമത്തിനും വിനോദത്തിനും ഉതകുന്ന വിധത്തിൽ ഒരുക്കിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നത്. പൈതൃക മ്യൂസിയത്തിന്റെ പ്രധാന കെട്ടിടത്തിന്റെ പണി 90% പൂർത്തിയായിട്ടുണ്ട്. അംഗപരിമിതർക്കായി റാമ്പ്, ഇ ടോയ്‌ലറ്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. അനുബന്ധ കെട്ടിടങ്ങളായ ഇൻഫർമേഷൻ സെന്റർ, ഗാർഡ് റൂം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കെട്ടിടത്തിനകത്ത് ലിഫ്റ്റ് സ്ഥാപിക്കുന്ന ജോലി അവസാന ഘട്ടത്തിലാണ്. മ്യൂസിയത്തിലേക്കാവശ്യമായ പ്രദർശന വസ്തുക്കൾ, വയനാടിന്റെ ചരിത്ര പൈതൃക അറിവുകൾ എന്നിവ ശേഖരിയ്ക്കുന്ന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു. ഈ പദ്ധതിയ്ക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ട്രാൻസ്ഫോർമറും മറ്റ് അനുബന്ധ ഘടകങ്ങളും മ്യൂസിയത്തിൽ |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ചു കഴിഞ്ഞു. ട്രാൻസ്ഫോർമറിലേയ്ക്കുള്ള ഹൈ ടെൻഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കുങ്കിച്ചിറയിലെ പദ്ധതികൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി എപ്പോൾ തുറന്നു കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | (സി) | മ്യൂസിയത്തിലേക്കാവശ്യമായ പ്രദർശന വസ്തുക്കളുടെ ശേഖരണം ത്വരിതപ്പെടുത്തുകയും, പ്രദർശന രീതി സംബന്ധിച്ച് വിദഗ്ദ്ധ സമിതി തീരുമാനം കൂടി പരിഗണിച്ചുകൊണ്ട് നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ ഈ പദ്ധതികൾ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പദ്ധതി വേഗത്തിൽ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | പദ്ധതി വേഗത്തിൽ പൂർത്തീകരിക്കാൻ കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം സൂപ്രണ്ടിന് കുങ്കിച്ചിറ പദ്ധതിയുടെ അധിക ചുമതല നൽകുകയും അഞ്ച് ജീവനക്കാരെ പ്രവൃത്തി ക്രമീകരണാടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ